


# അദ്ധ്യായം III
# മാനവ വിഭവശേഷി

# 3 മാനവ വിഭവശേഷി

## 3.1. മാനവ വിഭവശേഷി

ഓരോ വിഭാഗങ്ങളിലെയും അധ്യാപകരുടെ രൂക്ഷമായ ക്ഷാമം സർവകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു (2019 മേയ്). അധ്യാപകരുടെ കുറവ് അധ്യാപന നിലവാരത്തെ ബാധിച്ചതു കൂടാതെ 'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ' ഫണ്ടുകൾ[32] (ആർ.യു.എസ്.എ) ഉൾപ്പെടെയുള്ള സംസ്ഥാന/കേന്ദ്ര ഏജൻസികൾ ഫണ്ട് നിഷേധിക്കുന്നതിലും കലാശിച്ചു. സർവകലാശാലയെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് ആയി പ്രഖ്യാപിക്കാൻ സർവകലാശാല യു.ജി.സിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു (2017 ഡിസംബർ). ഇത്തരമൊരു പദവി ലഭിച്ചിരുന്നെങ്കിൽ, ₹1,000 കോടിയോ അല്ലെങ്കിൽ സ്ഥാപനം സമർപ്പിച്ച വിശദമായ പദ്ധതിയുടെ 50 മുതൽ 75 ശതമാനം വരെയോ ഏതാണോ കുറവ് അത് സർവകലാശാലയ്ക്ക് ലഭിക്കുമായിരുന്നു. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് പദവിക്കായി ശിപാർശ ചെയ്ത സ്ഥാപനങ്ങളുടെ പട്ടികയിൽ സർവകലാശാലയെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് 2019 ഒക്ടോബറിൽ യു.ജി.സി അറിയിച്ചു. യു.ജി.സി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് നഷ്ടപ്പെടാനുള്ള പ്രധാന കാരണം അധ്യാപകരുടെ കുറവാണെന്ന് സർവകലാശാല ചൂണ്ടിക്കാട്ടി.

### 3.1.1. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകൾ അനുവദിക്കാത്തത്

സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച യു.ജി.സി റെഗുലേഷനുകൾ, 2010 പ്രകാരം, സർവകലാശാലകളിലെ അധ്യാപക തസ്തികകൾ പിരമിഡൽ ക്രമത്തിൽ സൃഷ്ടിക്കാവുന്നതാണ്. ഉദാഹരണത്തിന്, ഒരു വിഭാഗത്തിൽ ഓരോ പ്രൊഫസറുടെ തസ്തികയ്ക്കും രണ്ട് അസോസിയേറ്റ് പ്രൊഫസർമാരുടെയും നാല് അസിസ്റ്റന്റ് പ്രൊഫസർമാരുടെയും തസ്തികകൾ ഉണ്ടായിരിക്കണം. കേരള സർവകലാശാലയിലെ അധ്യാപക ജീവനക്കാരുടെ വിവരങ്ങൾ **പട്ടിക 3.1**–ൽ കൊടുത്തിരിക്കുന്നു.

---

[32] ആർ.യു.എസ്.എ ഫണ്ട് ലഭിക്കുന്നതിനുള്ള മുൻഉപാധികളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സംഭാവന – ജി.എസ്.ഡി.പിയുടെ ശതമാനമായി, സംസ്ഥാന ഫണ്ടിംഗ്–പ്രതിബദ്ധത, സമയക്രമം, ഫാക്കൽറ്റി ഒഴിവ് നികത്തൽ, അക്കാദമിക് പരീക്ഷാ പരിഷ്കാരങ്ങൾ മുതലായവ ഉൾപ്പെടുന്നു

**പട്ടിക 3.1: കേരള സർവകലാശാലയിലെ അധ്യാപക ജീവനക്കാരുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

| വർഷം (അതാത് വർഷങ്ങളിലെ മാർച്ച് വരെയുള്ളത്) | പ്രൊഫസർ | | അസോസിയേറ്റ് പ്രൊഫസർ | | അസിസ്റ്റന്റ് പ്രൊഫസർ | | | ആകെ | | അധ്യാപക ജീവനക്കാരുടെ കുറവ് (ശതമാനത്തിൽ) |
|---|---|---|---|---|---|---|---|---|---|---|
| | അനുവദിച്ചത് | നിലവിലുള്ളത് | അനുവദിച്ചത് | നിലവിലുള്ളത് | അനുവദിച്ചത് | റെഗുലർ | കരാർ | അനുവദിച്ചത് | നിലവിലുള്ളത് | |
| 2017 | 35 | 7 | 55 | 25 | 201 | 160 | 41 | 291 | 233 | 19.93 |
| 2018 | 35 | 10 | 55 | 20 | 201 | 158 | 45 | 291 | 233 | 19.93 |
| 2019 | 36 | 8 | 57 | 24 | 205 | 160 | 56 | 298 | 248 | 16.78 |
| 2020 | 36 | 14 | 57 | 23 | 205 | 168 | 65 | 298 | 270 | 9.40 |
| 2021 | 36 | 15 | 57 | 26 | 205 | 169 | 70 | 298 | 280 | 6.04 |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

റെഗുലേഷൻ ഉണ്ടായിരുന്നിട്ടും, കേരള സർവകലാശാലയിലെ ഒമ്പത് അക്കാദമിക് വിഭാഗങ്ങളിലേക്ക്[33] പ്രൊഫസർ തസ്തിക അനുവദിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ഏഴ് വിഭാഗങ്ങളിലേയ്ക്ക്[34] അസോസിയേറ്റ് പ്രൊഫസർ തസ്തികയും രണ്ട് വിഭാഗങ്ങളിലേയ്ക്ക്[35] അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും അനുവദിച്ചിട്ടില്ല. നാനോ സയൻസ് ആന്റ് നാനോടെക്നോളജി വിഭാഗം 2016-ൽ സ്ഥാപിതമായത് മുതൽ അധ്യാപക തസ്തികകളൊന്നും അനുവദിക്കാതെ പൂർണമായും കരാർ അധ്യാപകരുടെ സേവനങ്ങളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. വിഭാഗങ്ങളിൽ സ്ഥിരം അധ്യാപകരില്ലാത്തത് വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കും.

2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 'കേരള സർവകലാശാലയുടെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് ഖണ്ഡിക ചർച്ച ചെയ്യവേ ഫാക്കൽറ്റി തസ്തികകൾ അനുവദിക്കുന്നതിലെ വിട്ടുവീഴ്ച അഭിലഷണീയമല്ലെന്നും പരിമിതികൾ എന്തുതന്നെയായാലും ആവശ്യമായ അധ്യാപക തസ്തികകൾ അനുവദിക്കണമെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി വ്യക്തമാക്കിയിരുന്നു.

സർവകലാശാലാവിഭാഗങ്ങളിൽ അധ്യാപക തസ്തികകൾ വർഷങ്ങൾക്ക് മുൻപ് സൃഷ്ടിച്ചതാണെന്നും അതിനാൽ നിർദ്ദിഷ്ട ഘടന പാലിക്കുന്നതിനായി മാത്രം അധിക തസ്തികകൾ സൃഷ്ടിക്കുന്നത്, സാമ്പത്തിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നതിനാൽ പ്രായോഗികമല്ലെന്നും ഓഡിറ്റ്

---

33 1. ബയോടെക്നോളജി, 2. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, 3. ഫിലോസഫി, 4. റഷ്യൻ, 5. എൻവയോൺമെന്റൽ സയൻസ്, 6. ഫ്യൂച്ചേഴ്സ് സ്റ്റഡീസ്, 7. ജിയോളജി, 8. സ്റ്റാറ്റിസ്റ്റിക്സ്, 9. എസ്.ഡി.ഇ

34 1. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, 2. ജർമ്മൻ, 3. ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും മാനുസ്ക്രിപ്റ്റ് ലൈബ്രറിയും, 4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള 5. ഇസ്ലാമിക് ഹിസ്റ്ററി, 6. നിയമം, 7. എസ്.ഡി.ഇ

35 1. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, 2. സംഗീതം

നിരീക്ഷണം അംഗീകരിച്ചുകൊണ്ട് (2021 ഡിസംബർ) സർക്കാർ കൂട്ടിച്ചേർത്തു. ചില വിഭാഗങ്ങളിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർവകലാശാല നേരത്തെ തന്നെ കൊടുത്തിരുന്നു.

### 3.1.2. കരാർ അടിസ്ഥാനത്തിൽ/നിർദ്ദിഷ്ട യോഗ്യതയില്ലാതെ നിയമിച്ച അധ്യാപകർ

- സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച യു.ജി.സി റെഗുലേഷനുകൾ, 2010 പ്രകാരം, തീർത്തും അടിയന്തിരമായി വരുമ്പോഴും വിദ്യാർത്ഥി–അധ്യാപക അനുപാതം നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമല്ലാത്തപ്പോഴും മാത്രമേ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവൂ. എന്നാൽ ഒരു കാരണവശാലും ഇത്തരം നിയമനങ്ങളുടെ എണ്ണം, മൊത്തം കോളേജ്/ സർവകലാശാല അധ്യാപക തസ്തികയുടെ 10 ശതമാനത്തിൽ കൂടരുത്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി സർവകലാശാലയിൽ 43 വിഭാഗങ്ങളിലും വിദൂര വിദ്യാഭ്യാസ വിഭാഗത്തിലുമായി കരാർ അടിസ്ഥാനത്തിൽ 70 അധ്യാപകരുണ്ടായിരുന്നു. ഇത് മൊത്തം അധ്യാപക ശേഷിയുടെ 23 ശതമാനത്തിൽ കൂടുതലാണ്. ഓഡിറ്റ് കാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച അധ്യാപകരുടെ നിരക്ക് വർദ്ധിക്കുന്ന പ്രവണതയാണ് കണ്ടതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 3.2**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.2: കരാർ അടിസ്ഥാനത്തിൽ നിയമിച്ച അധ്യാപകരുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

| വർഷം (അതാത് വർഷങ്ങളിലെ മാർച്ച് വരെയുള്ളത്) | അനുവദിച്ചത് | നിലവിലുള്ളത് | | |
|---|---|---|---|---|
| | | റെഗുലർ (ശതമാനം) | കരാർ (ശതമാനം) | ആകെ |
| 2017 | 291 | 192 (65.98) | 41 (14.08) | 233 |
| 2018 | 291 | 188 (64.60) | 45 (15.46) | 233 |
| 2019 | 298 | 192 (64.43) | 56 (18.79) | 248 |
| 2020 | 298 | 205 (68.79) | 65 (21.81) | 270 |
| 2021 | 298 | 210 (70.47) | 70 (23.49) | 280 |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജി (യു.ഐ.റ്റി), 10 കേരള യൂണിവേഴ്സിറ്റി കോളേജസ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (കെ.യു.സി.റ്റി.ഇ), ഏഴ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് മാനേജ്മെന്റ് (യു.ഐ.എം), ഒരു യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവ സർവകലാശാല സ്വാശ്രയ രീതിയിൽ

നടത്തുന്നു. ഈ 52 സ്ഥാപനങ്ങളിലായി[36] 335 അധ്യാപക ജീവനക്കാരുണ്ടായിരുന്നെന്നും അവയെല്ലാം കരാർ നിയമനങ്ങളായിരുന്നെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. യു.ജി.സി റെഗുലേഷൻസ് അനുസരിച്ച്, കരാർ അധ്യാപകർക്ക് നൽകുന്ന നിശ്ചിത വേതനം സ്ഥിര നിയമനം ലഭിച്ച അസിസ്റ്റന്റ് പ്രൊഫസറുടെ പ്രതിമാസ മൊത്ത ശമ്പളത്തിനേക്കാൾ കുറവാകാൻ പാടില്ല. കരാർ അധ്യാപകർക്ക് നൽകുന്ന പ്രതിമാസ ശമ്പളം സ്ഥിര നിയമനം ലഭിച്ച അസിസ്റ്റന്റ് പ്രൊഫസറുടെ പ്രതിമാസ മൊത്ത ശമ്പളത്തെക്കാൾ കുറവായിരുന്നെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അസിസ്റ്റന്റ് പ്രൊഫസറുടെ വേതനത്തിന് അർഹരായ കരാർ അധ്യാപകർക്ക് നൽകിയിരുന്ന പ്രതിമാസ ശമ്പളം ₹19,500 മുതൽ ₹37,500 വരെയാണ്. അതേസമയം, ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസറുടെ തുടക്ക ശമ്പളം ₹57,700 ആണ്. അടുത്ത ബുള്ളറ്റ് പോയിന്റിൽ വിശദമാക്കിയിരിക്കുന്നത് പോലെ ഈ ഫാക്കൽറ്റികളിൽ പലർക്കും നിശ്ചിത യോഗ്യതകൾ ഉണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള കുറഞ്ഞ യോഗ്യതയുമായി ബന്ധപ്പെട്ട യു.ജി.സി റെഗുലേഷനുകൾ സ്വാശ്രയ സ്ഥാപനങ്ങൾ പാലിക്കേണ്ടതില്ലെന്ന് കാണിക്കുന്നതിനുള്ള രേഖകളൊന്നും സർവകലാശാല നൽകിയിട്ടില്ല.

- അതുപോലെ സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച 2010-ലെ യു.ജി.സി റെഗുലേഷനുകളിലെ ക്ലോസ് 3.3.0 പ്രകാരം അസിസ്റ്റന്റ് പ്രൊഫസറായി നിയമിക്കപ്പെടുന്നതിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത ബന്ധപ്പെട്ട/ അനുബന്ധ വിഷയത്തിൽ 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദമാണ്. കൂടാതെ ഉദ്യോഗാർത്ഥി ദേശീയ യോഗ്യതാ പരീക്ഷ (എൻ.ഇ.റ്റി) പാസായിരിക്കണം അല്ലെങ്കിൽ ഒരു അക്രഡിറ്റ് ചെയ്യപ്പെട്ട പരീക്ഷ (സംസ്ഥാനതല യോഗ്യതാ പരീക്ഷ എസ്.എൽ.ഇ.റ്റി/എസ്.ഇ.റ്റി) ജയിച്ചിരിക്കണം, എന്നാൽ പി.എച്ച്.ഡി ലഭിച്ച വിദ്യാർത്ഥികളെ കുറഞ്ഞ യോഗ്യതയായ എൻ.ഇ.റ്റി/എസ്.എൽ.ഇ.റ്റി/ എസ്.ഇ.റ്റിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനാവശ്യമായ യോഗ്യതയും തെരഞ്ഞെടുപ്പ് നടപടിക്രമവും, സ്ഥിരമായി നിയമിക്കപ്പെടുന്ന ഒരു അധ്യാപകന് ബാധകമായതിന് തുല്യമായിരിക്കണം. സ്വാശ്രയ രീതിയിൽ ബിരുദ കോഴ്സുകളും ബിരുദാനന്തര ബിരുദ കോഴ്സുകളും പ്രദാനം ചെയ്യുന്നതിനായി

[36] യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് (1) : 46 ഫാക്കൽറ്റികൾ, യു.ഐ.റ്റി (34) : 174 ഫാക്കൽറ്റികൾ, കെ.യു.സി.റ്റി.ഇ (10) : 91 ഫാക്കൽറ്റികൾ, യു.ഐ.എം (7) : 24 ഫാക്കൽറ്റികൾ

സർവകലാശാല 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജീസ് (യു.ഐ.റ്റി) നടത്തുന്നു. യു.ഐ.റ്റികളിലെ എല്ലാ അസിസ്റ്റന്റ് പ്രൊഫസർമാരെയും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചത്. 2021 മാർച്ച് വരെ 174 അധ്യാപകരിൽ 108 അധ്യാപകരെ എൻ.ഇ.റ്റി/എസ്.ഇ.റ്റി/ പി.എച്ച്.ഡി യോഗ്യതയില്ലാതെ നിയമിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 3.3**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.3: യു.ഐ.റ്റികളിൽ യോഗ്യതയില്ലാതെ നിയമിച്ച അധ്യാപകരുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

| വർഷം (അതാത് വർഷങ്ങളിലെ മാർച്ച് വരെയുള്ളത്) | യു.ഐ.റ്റി കളുടെ ആകെ എണ്ണം | അധ്യാപകരുടെ ആകെ എണ്ണം | എൻ.ഇ.റ്റി / എസ്.ഇ.റ്റി/ പി.എച്ച്.ഡി യോഗ്യതയുള്ള അധ്യാപകരുടെ എണ്ണം | എൻ.ഇ.റ്റി / എസ്.ഇ.റ്റി/ പി.എച്ച്.ഡി യോഗ്യതയില്ലാത്ത അധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 2017 | 17 | 177 | 64 | 113 |
| 2018 | 28 | 174 | 60 | 114 |
| 2019 | 34 | 177 | 70 | 107 |
| 2020 | 34 | 181 | 69 | 112 |
| 2021 | 34 | 174 | 66 | 108 |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

യു.ജി.സി നിർദേശിച്ചിട്ടുള്ള യോഗ്യതയില്ലാത്ത അധ്യാപകരെ നിയമിക്കുന്നത് അധ്യാപന നിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും അതുവഴി ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുകയും ചെയ്യും.

യു.ഐ.റ്റികൾ 'ലാഭ നഷ്ട രഹിത' അടിസ്ഥാനത്തിൽ കേരള സർവകലാശാല നേരിട്ട് നടത്തുന്ന അനുബന്ധ കേന്ദ്രങ്ങളാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). ഈ സ്ഥാപനങ്ങൾ സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിനായും വിദൂര, ഗ്രാമ പ്രദേശങ്ങളിൽ താങ്ങാനാവുന്ന ചെലവിൽ വിദ്യാഭ്യാസം നൽകുന്നതിനായും ആരംഭിച്ചതിനാൽ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കാൻ കഴിയില്ല. യു.ഐ.റ്റികളിലെ ജീവനക്കാരുടെ വേതന വർദ്ധന നടപ്പാക്കിയാൽ, അത് സർവകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കിയേക്കാം. ഇനി മുതൽ യു.ജി.സി നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ള അധ്യാപകജീവനക്കാരുടെ നിയമനം ഉറപ്പു വരുത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചതായും സർക്കാർ അറിയിച്ചു.

യു.ഐ.ടികൾ സർവകലാശാല നടത്തുന്ന സ്ഥാപനങ്ങളായതിനാൽ കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന അധ്യാപകരുടെ വേതനം സംബന്ധിച്ച യു.ജി.സി ചട്ടങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണെന്നതു കൊണ്ട് മറുപടി ന്യായീകരിക്കാനാവുന്നതല്ല.

### 3.1.3. സർവകലാശാലാവിഭാഗങ്ങളിൽ അധ്യാപക ജീവനക്കാരുടെ കുറവ്

സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച 2010–ലെയും, 2018–ലെയും യു.ജി.സി റെഗുലേഷനുകൾ അനുസരിച്ച്, സർവകലാശാലാ സംവിധാനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളതും അംഗീകരിച്ചതുമായ എല്ലാ തസ്തികകളും അടിയന്തിരമായി നികത്തേണ്ടതാണ്. ഗസ്റ്റ്/കരാർ അധ്യാപകരുടേയും അനധ്യാപക ജീവനക്കാരുടേയും എണ്ണത്തിലുള്ള ആധിക്യം സ്ഥാപനപരമായ ദൗർബല്യമാണെന്ന് സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂഷണൽ അക്രഡിറ്റേഷൻ (സെക്കൻഡ് സൈക്കിൾ) സംബന്ധിച്ച പിയർ ടീം റിപ്പോർട്ടിൽ (2015) ചൂണ്ടിക്കാണിച്ചിരുന്നു. പല വിഭാഗങ്ങളും പ്രൊഫസർമാരില്ലാതെയും ചില വിഭാഗങ്ങൾ ഒരൊറ്റ അധ്യാപകനെ ആശ്രയിച്ചുമാണ് പ്രവർത്തിക്കുന്നത്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പിയർ ടീം റിപ്പോർട്ട് ശിപാർശ ചെയ്തു. സർവകലാശാലാവിഭാഗങ്ങളിലെ അധ്യാപകരുടെ കുറവ് ഓഡിറ്റ് പരിശോധിച്ചതിന്റെ ഫലങ്ങൾ ചുവടെ വിശദമായി പ്രതിപാദിക്കുന്നു.

- **പട്ടിക 3.1**–ൽ കാണിച്ചിരിക്കുന്ന പോലെ 43 അക്കാദമിക് വിഭാഗങ്ങൾക്കും വിദൂര വിദ്യാഭ്യാസ വിഭാഗത്തിനുമായി 298 സ്ഥിരം അധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിരുന്നതിൽ 2021 മാർച്ചിലെ കണക്കനുസരിച്ച് 210 സ്ഥിരം അധ്യാപകർ (70.47 ശതമാനം) മാത്രമേ ഉണ്ടായിരുന്നുള്ളൂ. 70 കരാർ അധ്യാപകരെ പരിഗണിച്ചാൽപോലും അനുവദിക്കപ്പെട്ട തസ്തികകളുടെ 93.96 ശതമാനമാണ് ആകെ ജീവനക്കാരുടെ എണ്ണം. അനുവദിക്കപ്പെട്ട 36 പ്രൊഫസർ തസ്തികകളിൽ 21–ഉം 57 അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ 31–ഉം ഒഴിവുകളുണ്ടായിരുന്നു. അതുപോലെ, അസിസ്റ്റന്റ് പ്രൊഫസർമാരുടെ കാര്യത്തിൽ, അനുവദിക്കപ്പെട്ട 205 തസ്തികകളിൽ 36 തസ്തികകൾ ഒഴിഞ്ഞു കിടന്നിരുന്നു.
- 2021 ഒക്ടോബറിൽ, നാല് മാസം മുതൽ 37 വർഷം വരെയുള്ള കാലയളവുകളിലായി തുടരുന്ന അധ്യാപക ഒഴിവുകൾ **അനുബന്ധം 3.1**–ൽ വിവരിച്ചിരിക്കുന്നു.

അധ്യാപക തസ്തികകളിലെ ഒഴിവുകൾ നിലനിൽക്കുന്നതും കരാർ അധ്യാപകരെ അമിതമായി ആശ്രയിക്കുന്നതും അധ്യാപന നിലവാരത്തെയും അക്കാദമിക് ഫലങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതിനാൽ, സർക്കാരും സർവകലാശാലയും സുസ്ഥിരമായ പ്രതിവിധികൾ (സാമ്പത്തിക പരിമിതികൾ കണക്കിലെടുത്ത്) രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. യോഗ്യതയുള്ള ഫാക്കൽറ്റികളുടെ എണ്ണത്തിലെ കുറവ് കാരണം അക്കാദമിക് നിലവാരം മോശമാകുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ളതാവണം അത്.

### 3.1.4. കെ.യു.സി.റ്റി.ഇകളിൽ അക്കാദമിക് ഫാക്കൽറ്റികളെ അധികമായി നിയമിച്ചത്

സ്വാശ്രയ രീതിയിൽ സർവകലാശാല അതിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 10 കേരള യൂണിവേഴ്സിറ്റി കോളേജസ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (കെ.യു.സി.റ്റി.ഇ) ആരംഭിച്ചു[37]. ഈ കെ.യു.സി.റ്റി.ഇകളുടെ പ്രിൻസിപ്പലിനെയും മറ്റ് അധ്യാപക ജീവനക്കാരെയും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചത്. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (അംഗീകാര മാനദണ്ഡങ്ങളും നടപടിക്രമങ്ങളും) റെഗുലേഷനുകൾ, 2014 അനുസരിച്ച്, ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ (ബി.എഡ്) ബിരുദത്തിലേക്ക് നയിക്കുന്ന ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ പ്രോഗ്രാമിനെ സംബന്ധിച്ച് മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 200 ആണെങ്കിൽ, 16 മുഴുവൻ സമയ ഫാക്കൽറ്റികൾ ഉണ്ടായിരിക്കണം; രണ്ട് വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം 100 മാത്രമാണെങ്കിൽ, അധ്യാപകരുടെ എണ്ണം എട്ടായി കുറയേണ്ടതാണ്. ഈ കെ.യു.സി.റ്റി.ഇകൾക്കെല്ലാം പ്രതിവർഷം 50 വിദ്യാർത്ഥികളുള്ള ഓരോ ബാച്ച് വീതമുണ്ട്. പ്രോഗ്രാമിന് രണ്ട് വർഷത്തെ ദൈർഘ്യമുള്ളതിനാൽ, ഈ കെ.യു.സി.റ്റി.ഇകളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 100 വീതമാണ്. അതിനാൽ, ഈ കെ.യു.സി.റ്റി.ഇകളിലെ ഫാക്കൽറ്റികളുടെ എണ്ണം എട്ട് മാത്രമായിരിക്കണം. 2020–21 കാലയളവിൽ പത്തിൽ എട്ട് കെ.യു.സി.റ്റി.ഇകളിൽ എട്ടിലധികം അക്കാദമിക് ഫാക്കൽറ്റികളുണ്ടായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി. ഈ 10 സ്ഥാപനങ്ങളിൽ 80 ഫാക്കൽറ്റികൾ വേണ്ട സ്ഥാനത്ത് 91 ഫാക്കൽറ്റികൾ ഉണ്ടായിരുന്നതിനാൽ പ്രതിവർഷം ₹23.64 ലക്ഷം അധികച്ചെലവുണ്ടായി.

ഓഡിറ്റ് റിപ്പോർട്ടിൽ അധികം എന്ന് പരാമർശിച്ചിരിക്കുന്ന അക്കാദമിക് ഫാക്കൽറ്റിയുടെ എണ്ണം, ഭാഷയും സയൻസ് വിഷയങ്ങളും ഒറ്റ യൂണിറ്റായി എടുത്താണ് കണക്കാക്കിയതെന്നും എന്നാൽ കെ.യു.സി.റ്റി.ഇകൾ ഒന്നിലധികം ഭാഷകളും, സയൻസ് വിഷയങ്ങളും ഐച്ഛികമായി വാഗ്ദാനം ചെയ്യുന്നുണ്ടെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ക്ലാസുകൾ എടുക്കുന്നതിന് ഓരോ വിഷയത്തിനും ഒരു പ്രത്യേക ഫാക്കൽറ്റിയെ നിയോഗിക്കേണ്ടതിനാൽ, അത് അധിക അക്കാദമിക് ഫാക്കൽറ്റിയായി കണക്കാക്കാനാകില്ല.

രണ്ട് വർഷത്തെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 100 ആണെങ്കിൽ അധ്യാപകരുടെ എണ്ണം എട്ടായി കുറയ്ക്കണമെന്ന് എൻ.സി.റ്റി.ഇ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഇത് കെ.യു.സി.റ്റി.ഇ പാലിച്ചില്ല. പത്തിൽ എട്ട് കെ.യു.സി.റ്റി.ഇകളിലും എട്ടിൽ കൂടുതൽ ജീവനക്കാരുണ്ട്.

[37] 1990 മുതൽ 1998 വരെയുള്ള കാലയളവിൽ

## 3.2. സർവകലാശാലയിലെ ഇന്റേൺഷിപ്പ്/ കൺസൾട്ടൻസി/ സ്റ്റാർട്ട് അപ്പ് പ്രവർത്തനങ്ങൾ

ഒരു ഉപദേഷ്ടാവിന്റെ മാർഗനിർദേശ പ്രകാരം ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് ഉൾപ്പെടെയുള്ള നിർദ്ദിഷ്ട പ്രവർത്തനങ്ങളാണ് ഇന്റേൺഷിപ്പുകൾ. വിദ്യാർത്ഥികളെ, അവരുടെ അറിവും വൈദഗ്ധ്യവും വ്യത്യസ്ത സ്ഥാപനങ്ങളിൽ പ്രയോഗിക്കാനും പ്രൊഫഷണൽ സ്വഭാവങ്ങളും ധാർമ്മികതയും വളർത്തിയെടുക്കാനും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിലയിരുത്തലിലും അക്രഡിറ്റേഷൻ പ്രക്രിയയിലും എൻ.എ.എ.സി ഉപയോഗിക്കുന്ന പ്രധാന സൂചകങ്ങളിൽ ഒന്നാണിത്.

2016–21 കാലയളവിൽ ഇന്റേൺഷിപ്പ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം ചുവടെയുള്ള **പട്ടിക 3.4**–ൽ പ്രസ്താവിച്ചിരിക്കുന്നു:

**പട്ടിക 3.4: 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ഇന്റേൺഷിപ്പ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം**

| വർഷം | സർവകലാശാലയിൽ പി.ജിയ്ക്ക് ചേർന്ന വിദ്യാർത്ഥികൾ | ഇന്റേൺഷിപ്പ് വാഗ്ദാനം ചെയ്ത വിഭാഗങ്ങളുടെ എണ്ണം | ഇന്റേൺഷിപ്പ് എടുത്ത വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 2016–17 | 652 | 1 | 14 | 2.14 |
| 2017–18 | 628 | 1 | 11 | 1.75 |
| 2018–19 | 621 | 2 | 21 | 3.38 |
| 2019–20 | 733 | 5 | 41 | 5.59 |
| 2020–21 | 824 | 3 | 17 | 1.94 |
| **ആകെ** | 3508 | | 104 | 2.96 |

*(ഉറവിടം: സർവകലാശാല നൽകിയ ഡാറ്റ)*

മുകളിലുള്ള പട്ടിക പ്രകാരം സർവകലാശാലയിൽ എൻറോൾ ചെയ്ത ആകെ 3,508 വിദ്യാർത്ഥികളിൽ 2.96 ശതമാനം പേർ മാത്രമാണ് ഇന്റേൺഷിപ്പുകൾ എടുത്തത്. കൂടാതെ 2016–21 കാലയളവിൽ സർവകലാശാലയിലെ അഞ്ച് വിഭാഗങ്ങളിലെ[38] വിദ്യാർത്ഥികൾ മാത്രമാണ് ഇന്റേൺഷിപ്പുകൾ എടുത്തതെന്ന് ശ്രദ്ധയിൽപ്പെട്ടു.

2001–ൽ സർവകലാശാലയിൽ ഒരു കൺസൾട്ടൻസി സെൽ രൂപീകരിച്ചു. അതുപോലെ, 2006 മുതൽ സർവകലാശാലയിൽ ഒരു ഇൻഡസ്ട്രി ഇൻകുബേഷൻ സെന്റർ അതായത് കേരള യൂണിവേഴ്സിറ്റി ടെക്നോളജി ആന്റ് ബിസിനസ് സ്റ്റാർട്ട് അപ്പ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ട് സെല്ലുകളിലും ഡയറക്ടർമാർ മാത്രമാണുള്ളതെന്നും സപ്പോർട്ടിംഗ് സ്റ്റാഫുകളില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും ഓഡിറ്റിന്റെ

[38] 1. ഒപ്റ്റോഇലക്ട്രോണിക്സ്, 2. എൻവയോൺമെന്റൽ സയൻസ്, 3. ജിയോളജി, 4. സുവോളജി, 5. അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്

ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് കാലയളവിൽ 24 ഇടപാടുകാർക്ക് നൽകിയ കൺസൾട്ടൻസി ജോലികളിലൂടെയും സ്റ്റാർട്ട് അപ്പ് കമ്പനികളും സർവകലാശാലയും തമ്മിൽ ഏഴ് ധാരണാപത്രങ്ങൾ ഒപ്പിട്ടതിലൂടെയും ₹90.73 ലക്ഷം ലഭിച്ചതായി സർവകലാശാല അറിയിച്ചു (2021 സെപ്റ്റംബർ).

ഇന്റേൺഷിപ്പുകളിലൂടെ തങ്ങളുടെ വിദ്യാർത്ഥികളെ പ്രായോഗിക പഠനത്തിലേക്ക് കൊണ്ടുവരാനും കൺസൾട്ടൻസി, സ്റ്റാർട്ട് അപ്പ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത കൈവരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാനും സർവകലാശാല ഗൗരവമായ ശ്രമങ്ങൾ നടത്തിയിട്ടില്ലെന്ന വസ്തുത ഓഡിറ്റ് കണ്ടെത്തലുകൾ എടുത്തുകാണിക്കുന്നു.

സർവകലാശാല തങ്ങളുടെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനം, ഫീൽഡ് പ്രോജക്ടുകൾ, സമ്മർ ഇന്റേൺഷിപ്പ് എന്നിവയുള്ള അവസരങ്ങൾ നൽകാറുണ്ട് എന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ 13). വാസ്തവത്തിൽ, എല്ലാ മാസ്റ്റേഴ്സ് പ്രോഗ്രാമുകൾക്കും കുറഞ്ഞത് ഒരു സെമസ്റ്ററിലെങ്കിലും ഇത് ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. മിക്കവാറും എല്ലാ വിദ്യാർത്ഥികളും ഇന്റേൺഷിപ്പ്/ ഫീൽഡ് വിസിറ്റ് എടുക്കുന്നതിനാൽ പട്ടികയിൽ നൽകിയിരിക്കുന്ന കണക്കുകൾ ശരിയല്ലെന്ന് സർക്കാർ പ്രസ്താവിച്ചു.

**പട്ടിക 3.4**–ൽ ഉൾപ്പെടുത്തിയിട്ടുള്ള കണക്കുകൾ സർവകലാശാല നൽകിയതിനാൽ, സർക്കാരിന്റെ മറുപടിയിൽ സർവകലാശാലയിൽ നിന്ന് ഓഡിറ്റ് വിശദീകരണം തേടി (2022 ജനുവരി 13). പട്ടികയിൽ നൽകിയിരിക്കുന്ന കണക്കുകൾ ഇന്റേൺഷിപ്പിന് മാത്രം ബാധകമാണ് എന്നും ഫീൽഡ് പ്രോജക്ടുകളും പ്രത്യേക പ്രോജക്ടുകളും അതിൽ ഉൾപ്പെടുന്നില്ല എന്നും സർവകലാശാല അറിയിച്ചു (2022 ജനുവരി 25). മൂന്ന് വിഭാഗങ്ങളിൽ മാത്രമേ ഇന്റേൺഷിപ്പ് നിർബന്ധമുള്ളൂവെന്നും മറ്റ് വിഭാഗങ്ങളിലേയ്ക്കും ഇന്റേൺഷിപ്പ് നീട്ടുന്നതിനുള്ള നയം സർവകലാശാല രൂപീകരിക്കുകയാണെന്നും പ്രസ്താവിച്ചു.

സർവകലാശാലയുടെ ഇന്റേൺഷിപ്പിന് വിധേയരായ വിദ്യാർത്ഥികളുടെ എണ്ണം തുച്ഛമാണെന്ന ഓഡിറ്റ് കണ്ടെത്തലിനെ സർവകലാശാലയുടെ മറുപടി സാധൂകരിക്കുന്നു.

## 3.3. പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം

ഒരു സ്ഥാപനത്തിന്റെ അക്രഡിറ്റേഷൻ സമയത്ത്, കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ആ സ്ഥാപനത്തിൽ നിന്ന് പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റിന്റെ ശരാശരി ശതമാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനുള്ള ഘടകങ്ങളിലൊന്നായി എൻ.എ.എ.സി കണക്കാക്കുന്നു.

കാമ്പസ് റിക്രൂട്ട്മെന്റ് കൈകാര്യം ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി 'പെർമനന്റ് പ്ലേസ്മെന്റ് സെൽ' രൂപീകരിക്കുന്നതിന് സർവകലാശാല അംഗീകാരം നൽകി (2012 നവംബർ). കൂടാതെ സെനറ്റ്

ഹൗസ് കാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ) യുടെ പഴയ കെട്ടിടത്തിൽ പ്ലേസ്മെന്റ് സെല്ലിനായി സ്ഥിരം പ്ലേസ്മെന്റ് ഓഫീസ് ക്രമീകരിക്കാനും കാമ്പസ് റിക്രൂട്ട്മെന്റിനായി വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും അംഗീകാരം നൽകി. എന്നാൽ ഇത് യാഥാർത്ഥ്യമായിട്ടില്ല. ജീവനക്കാരും ഓഫീസും ഇല്ലാതെയാണ് സർവകലാശാലയിൽ പ്ലേസ്മെന്റ് സെൽ പ്രവർത്തിക്കുന്നത്. സാമ്പത്തികശാസ്ത്ര വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസറായിരുന്നു പ്ലേസ്മെന്റ് സെല്ലിന്റെ കൺവീനർ. പ്ലേസ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് സെൽ പിന്തുടരേണ്ട നടപടിക്രമങ്ങൾ/കലണ്ടർ ഒന്നും ഉണ്ടായിരുന്നില്ല. 2016-21 വർഷങ്ങളിൽ, പ്ലേസ്മെന്റ് സെല്ലിലൂടെ ഇന്റർവ്യൂവിന് ഹാജരാവുകയും ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ എണ്ണം **പട്ടിക 3.5**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.5: പ്ലെയ്സ്മെന്റ് സെല്ലിലൂടെ ഇന്റർവ്യൂവിൽ പങ്കെടുത്ത് ജോലിയിൽ പ്രവേശിച്ച ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ എണ്ണം**

| വർഷം | സർവകലാശാല വിഭാഗങ്ങളിലെ പിജി കോഴ്സുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം | പ്ലേസ്മെന്റിനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | ജോലിയിൽ പ്രവേശിച്ച വിദ്യാർത്ഥികളുടെ എണ്ണം | പരാമർശങ്ങൾ |
|---|---|---|---|---|
| 2016-17 | 652 | 25 | 5 | പ്ലേസ്മെന്റ് ഒരു ശതമാനത്തിൽ താഴെ |
| 2017-18 | 628 | 26 | 3 | |
| 2018-19 | 621 | 25 | 0 | പ്ലേസ്മെന്റ് ഇല്ല |
| 2019-20 | 733 | 0 | 0 | |
| 2020-21 | 874 | 0 | 0 | |

*(ഉറവിടം: കേരള സർവകലാശാലയിലെ പ്ലേസ്മെന്റ് സെൽ നൽകിയ വിവരങ്ങൾ)*

സർവകലാശാലയിൽ ഒരു പ്ലേസ്മെന്റ് സെൽ നിലവിലുണ്ടായിട്ടുപോലും, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പ്ലെയ്സ്മെന്റ് സെല്ലിലൂടെ എട്ട് വിദ്യാർത്ഥികൾക്ക് മാത്രമാണ് ജോലി ലഭിച്ചത്.

ദേശീയ വിദ്യാഭ്യാസ നയം, 2020 അനുസരിച്ച്, ഉന്നത വിദ്യാഭ്യാസ പരിപാടികളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടപടികൾ കൈക്കൊള്ളേണ്ടതാണ്. എന്നാൽ ഫലപ്രദമായ ഒരു പ്ലേസ്മെന്റ് സെൽ സർവകലാശാലയ്ക്ക് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

സർവകലാശാലയുടെ പല വിഭാഗങ്ങളും തങ്ങളുടെ വിദ്യാർത്ഥികളെ സ്വകാര്യ കമ്പനികളിൽ നിയമിക്കാൻ മുൻകൈ എടുത്തിട്ടുണ്ടെന്നും കേരള സർവകലാശാലയിലെ അധ്യാപന വകുപ്പുകൾ വാഗ്ദാനം ചെയ്യുന്ന പ്രോഗ്രാമുകളുടെ തൊഴിൽ സാധ്യത വളരെ ഉയർന്നതാണെന്നും വിദ്യാർത്ഥികൾക്ക് അവരുടെ പ്രോഗ്രാമുകൾ പൂർത്തിയാക്കിയ ഉടൻ തന്നെ ജോലി ലഭിക്കുന്നുണ്ട് എന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). സെല്ലിന്റെ പിന്തുണയില്ലാതെ തന്നെ പ്ലേസ്മെന്റ് ലഭിക്കുന്നതിനാൽ ഗണ്യമായ എണ്ണം വിദ്യാർത്ഥികൾ പ്ലേസ്മെന്റ് സെല്ലിന്റെ സേവനം സ്വീകരിച്ചില്ലെന്നും കൂടാതെ, പ്ലേസ്മെന്റ് ഓഫീസർ വേണ്ടിയിരുന്ന ഈ സെൽ കഴിഞ്ഞ അഞ്ച് വർഷമായി തുടർച്ചയായി സജീവമായിരുന്നില്ല എന്നും പ്രസ്താവിച്ചു. സർവകലാശാല അതിന്റെ അധ്യാപന വകുപ്പുകളിൽ മാസ്റ്റേഴ്സ് പ്രോഗ്രാം മാത്രമേ വാഗ്ദാനം ചെയ്യുന്നുള്ളൂ. അവിടെ വിദ്യാർത്ഥികൾക്ക് പൊതുവെ ഗവേഷണത്തിന്റെയും അധ്യാപനത്തിന്റെയും ഒരു കരിയർ പാത ഉള്ളതിനാൽ അതിനു വേണ്ടി അവർ എം.ഫിലും പി.എച്ച്.ഡിയും ഉപരിപഠനം നടത്തേണ്ടതായിട്ടുണ്ട്. അതിനാൽ പ്ലെയ്സ്മെന്റുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉന്നത പഠനത്തിനായി പോകുന്നവരുടെ എണ്ണം വളരെ ഉയർന്നതാണ്.

ഫലപ്രദമായ പ്ലേസ്മെന്റ് സെൽ രൂപീകരിക്കാത്തതിനെ കുറിച്ചും വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് നൽകുന്നതിൽ നിലവിലുള്ള പ്ലേസ്മെന്റ് സെല്ലിന്റെ തുച്ഛമായ സംഭാവനയെ കുറിച്ചും മറുപടിയിൽ പരാമർശങ്ങളൊന്നുമില്ല.

## 3.4. ഗവേഷണം

### 3.4.1. പി.എച്ച്.ഡി പ്രോഗ്രാമിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ്

യു.ജി.സി (പി.എച്ച്.ഡി/എം.ഫിൽ നൽകുന്നതിനുള്ള മിനിമം മാനദണ്ഡങ്ങളും നടപടിക്രമങ്ങളും) റെഗുലേഷൻസ് 2016–ൽ എം.ഫിൽ/പി.എച്ച്.ഡിയ്ക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്ക് 70 ശതമാനവും അഭിമുഖത്തിലെ/ വാചാപരീക്ഷയിലെ പ്രകടനത്തിന് 30 ശതമാനവും വെയിറ്റേജ് യു.ജി.സി അവതരിപ്പിച്ചു (2018 ഒക്ടോബർ 16–ലെ ഭേദഗതി).

മേൽപ്പറഞ്ഞ യു.ജി.സി നിർദ്ദേശങ്ങൾ സർവകലാശാല ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2021 ആഗസ്റ്റ്). 2018–ൽ ഭേദഗതി ചെയ്ത യു.ജി.സി റെഗുലേഷൻ പാലിക്കാതെ, 2019–21 കാലയളവിൽ 1029 സ്കോളർമാരെ പി.എച്ച്.ഡിയ്ക്ക് തെരഞ്ഞെടുക്കുകയും 677 വിദ്യാർത്ഥികൾക്ക് എം.ഫില്ലിൽ അഡ്മിഷൻ നൽകുകയും ചെയ്തു. സർവകലാശാല ഇപ്പോഴും യു.ജി.സി റെഗുലേഷൻ 2016 ആണ് പിന്തുടരുന്നത്. പി.എച്ച്.ഡി പ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് സർവകലാശാല നടത്തുന്ന ഒരു പ്രവേശന പരീക്ഷ, തുടർന്ന് ഡിപ്പാർട്ട്മെന്റൽ ഡോക്ടറൽ കമ്മിറ്റി നടത്തുന്ന അഭിമുഖം എന്നീ രണ്ട്–

ഘട്ട പ്രക്രിയയിലൂടെ രജിസ്ട്രേഷൻ അനുവദിക്കുന്നു. എന്നാൽ ഈ നടപടി ക്രമത്തിൽ രണ്ടു ഘട്ടങ്ങളിലും നൽകേണ്ട വെയ്റ്റേജുകൾ വ്യക്തമാക്കുന്നില്ല. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് പട്ടിക സർവകലാശാല തയ്യാറാക്കുന്നില്ല. റാങ്ക് പട്ടിക ഇല്ലാത്തതിനാൽ തെരഞ്ഞെടുപ്പിന്റെ സുതാര്യത വിലയിരുത്താനാവില്ല.

ഡോക്ടറൽ കമ്മിറ്റി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് വിദ്യാർത്ഥികൾ സമർപ്പിച്ച സിനോപ്സിസിന്റെ ഗുണത്തിന്റെയും ഇന്റർവ്യൂവിൽ വിദ്യാർത്ഥിക്ക് ഗവേഷണത്തിനുള്ള കഴിവുണ്ടോ എന്നും ഗവേഷണ കേന്ദ്രത്തിൽ ഉചിതമായ രീതിയിൽ ഗവേഷണം നടത്താൻ കഴിയുമോ എന്നും നിർദിഷ്ട ഗവേഷണത്തിന് പുതിയ/അധിക അറിവുകൾ സംഭാവന ചെയ്യാൻ കഴിയുമോ എന്നും വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിലാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

പ്രവേശന പരീക്ഷയ്ക്ക് 70 ശതമാനവും അഭിമുഖം/ വാചാ പരീക്ഷയ്ക്ക് 30 ശതമാനവും വെയിറ്റേജ് നൽകിയായിരിക്കണം ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് (എം.ഫിൽ/പി.എച്ച്.ഡി) എന്ന് യു.ജി.സി ഭേദഗതിയിൽ വ്യക്തമായി പറഞ്ഞിരുന്നത് സർവകലാശാല പാലിക്കാതിരുന്നതിനാൽ സർക്കാരിന്റെ മറുപടി ന്യായീകരിക്കാനാവില്ല.

### 3.4.2. ഗവേഷകർ ഗവേഷണ പ്രവർത്തനങ്ങൾ തുടരാതിരുന്നത്

1977–ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച് പ്രബന്ധം സമർപ്പിക്കാൻ പരമാവധി സമയം അനുവദിച്ചിരിക്കുന്നത് മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥികൾക്ക് അഞ്ച് വർഷവും പാർട്ട് ടൈം ഗവേഷണ വിദ്യാർത്ഥികൾക്ക് എട്ട് വർഷവുമാണ്. ചില സന്ദർഭങ്ങളിൽ, മേൽപ്പറഞ്ഞ സമയപരിധി ഒരു വർഷത്തേക്ക് കൂടി നീട്ടാവുന്നതാണ്. 1978–ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസ് അനുസരിച്ച്, ഒരു റിസർച്ച് ഫെല്ലോ തന്റെ ഫെല്ലോഷിപ്പ് കാലയളവിൽ തന്റെ നിയമനം രാജിവയ്ക്കുകയോ സിൻഡിക്കേറ്റിന്റെ അനുമതി വാങ്ങാതെ ഗവേഷണ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയോ ചെയ്യരുത്. അങ്ങനെയായാൽ അയാൾക്ക് ലഭിച്ച മുഴുവൻ ഫെലോഷിപ്പ് തുകയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗമോ തിരികെ നൽകേണ്ടിവരും. ഇത്തരം സന്ദർഭങ്ങളിൽ തുകയുടെ തിരിച്ചടവ് സിൻഡിക്കേറ്റിന് ഒഴിവാക്കാവുന്നതുമാണ്.

43 സർവകലാശാലാവിഭാഗങ്ങളിലെ ഗവേഷകരെ സംബന്ധിച്ച വിശദാംശങ്ങളുടെ വിശകലനത്തിൽ 22 പേർ ഗവേഷണം നിർത്തുകയോ 88 പേർ നിശ്ചിത സമയത്തിനുള്ളിൽ പ്രബന്ധം സമർപ്പിക്കാതിരിക്കുകയോ ചെയ്തുവെന്ന് നിരീക്ഷിക്കപ്പെട്ടു. ഈ 110 ഗവേഷകർ 2005 മുതൽ 2014 വരെയുള്ള കാലയളവിലാണ് ഗവേഷണം ആരംഭിച്ചത്. റിസർച്ച്

സൂപ്പർവൈസർ/കോ–സൂപ്പർവൈസർ എന്നിവർക്ക് ഗൈഡ്[39] ചെയ്യാൻ കഴിയുന്ന റിസർച്ച് ഫെല്ലോകളുടെ പരിധി യു.ജി.സി റെഗുലേഷൻസ്, 2016 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഫാക്കൽറ്റികളുടെ കുറവ് ഗവേഷണ ഫലത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിഷയം സർവകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു (2019 മേയ്). ഈ കുറവുണ്ടായിട്ടും, അർഹരായ മറ്റ് വ്യക്തികൾക്ക് അവസരം നൽകുന്നതിനായി ഇത്തരം റിസർച്ച് സ്കോളർമാരുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടു.

2009–ലെ യു.ജി.സി റെഗുലേഷനുകൾ (2016 ഫെബ്രുവരി) മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയതിനാലും പ്രസ്തുത റെഗുലേഷനുകൾ കർശനമായി പാലിക്കാൻ യു.ജി.സി നിർദ്ദേശിച്ചതിനാലും 2009 മുതൽ രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ള റിസർച്ച് സ്കോളർമാർക്ക് അവരുടെ ഗവേഷണ പ്രവർത്തനങ്ങളിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടതായി സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ 13). ഗവേഷകർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമെന്നനിലയിലും അവർ നടത്തിയ വിലപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ പരിഗണിച്ചും സർവകലാശാല കാലാകാലങ്ങളിൽ ഗവേഷകർക്ക് അധികസമയം[40] അനുവദിച്ചിരുന്നു. നിശ്ചിത പരമാവധി ഗവേഷണ കാലയളവ് അവസാനിച്ചിരുന്ന മിക്ക ഗവേഷകരും അവരുടെ പ്രബന്ധം സമർപ്പിക്കുന്നതിന് സർവകലാശാല അനുവദിച്ച അധികസമയം ഫലപ്രദമായി വിനിയോഗിച്ചതായും പ്രസ്താവിച്ചു.

ജോലി ലഭിച്ചത് ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ ഗവേഷണം നിർത്തിയ/നിശ്ചിത സമയപരിധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കാത്ത 110 ഗവേഷകരുടെ രജിസ്ട്രേഷൻ നാളിതുവരെ (2021 ഡിസംബർ) റദ്ദാക്കിയിട്ടില്ലാത്തതിനാൽ മറുപടി ന്യായീകരിക്കാനാവില്ല.

## 3.5. ഉപസംഹാരം

സർവകലാശാലയിലെ അധ്യാപകരുടെ/ഫാക്കൽറ്റികളുടെ കുറവ് വർഷങ്ങളായി നിലനിൽക്കുന്ന ഒരു സ്ഥാപനപരമായ പ്രശ്നമാണ്. ആവശ്യമായ എണ്ണം അധ്യാപക തസ്തികകൾ അനുവദിക്കണമെന്ന് പി.എ.സി ശിപാർശ ചെയ്തിരുന്നെങ്കിലും അധ്യാപക തസ്തികകൾ അനുവദിക്കാതെ തന്നെ പല വിഭാഗങ്ങളും പ്രവർത്തിച്ചു. കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഫാക്കൽറ്റികളുടെ എണ്ണം നിശ്ചിത

---

[39] ഒരു പ്രൊഫസറിന് ഒരേസമയം പരമാവധി മൂന്ന് എം.ഫിൽ വിദ്യാർത്ഥികളേയും എട്ട് പി.എച്ച്.ഡി വിദ്യാർത്ഥികളേയും ഒരു അസോസിയേറ്റ് പ്രൊഫസറിന് പരമാവധി രണ്ട് എം.ഫിൽ വിദ്യാർത്ഥികളേയും ആറ് പി.എച്ച്.ഡി വിദ്യാർത്ഥികളേയും ഗൈഡ് ചെയ്യാം. റിസർച്ച് സൂപ്പർവൈസർ എന്ന നിലയിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർക്ക് പരമാവധി ഒരു എം.ഫിൽ വിദ്യാർത്ഥിയേയും ഒപ്പം നാല് പി.എച്ച്.ഡി വിദ്യാർത്ഥികളേയും ഗൈഡ് ചെയ്യാം.

[40] യു.ജി.സി റെഗുലേഷൻസ് 2009 അനുസരിച്ച് റെഗുലർ റിസർച്ച് സൂപ്പർവൈസർമാരുടെ കീഴിലുള്ള ഗവേഷകർക്ക് പുനർവിന്യാസം കാരണം നേരിട്ട പ്രശ്നങ്ങൾ മറികടക്കാൻ 2017 മുതൽ 2019 വരെ അധികസമയം നൽകി. കോവിഡ് 19 മഹാമാരി കണക്കിലെടുത്ത് 2020–21 മുതൽ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അധികസമയം നീട്ടി നൽകിയിട്ടുണ്ട്.

പരിധിയേക്കാൾ കൂടുതലായിരുന്നു. ഗസ്റ്റ്/ കരാർ അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണത്തിലുള്ള ആധിക്യം സ്ഥാപനപരമായ ദൗർബല്യം ആണെന്ന് സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂഷണൽ അക്രഡിറ്റേഷൻ (സെക്കൻഡ് സൈക്കിൾ) സംബന്ധിച്ച പീയർ ടീം റിപ്പോർട്ടിൽ (2015) ചൂണ്ടിക്കാണിച്ചിരുന്നു. പല വിഭാഗങ്ങളും പ്രൊഫസർമാരില്ലാതെയും ചില വിഭാഗങ്ങൾ ഒരൊറ്റ അധ്യാപകനെ ആശ്രയിച്ചുമാണ് പ്രവർത്തിക്കുന്നത്. പ്ലേസ്മെന്റ് സെല്ലിന്റെ ജോബ് പ്ലേസ്മെന്റ് റെക്കോർഡ് ഒട്ടും ആശാവഹമായിരുന്നില്ല. നിരവധി വിദ്യാർത്ഥികൾക്ക് സർവകലാശാല മുഖേനയുള്ള ഇന്റേൺഷിപ്പ് അവസരങ്ങൾ ലഭിച്ചില്ല.

## 3.6. ശിപാർശകൾ

- **ഗവേഷകരുടെയും, പ്രസിദ്ധീകരിച്ച റിസർച്ച് പേപ്പറുകളുടെയും പേറ്റന്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്, സർവകലാശാലയുമായി കൂടിയാലോചിച്ച് അതിന്റെ സ്ഥാപനങ്ങളിൽ യോഗ്യതയുള്ള ആവശ്യമായ എണ്ണം അധ്യാപകരുടെ സേവനം സർക്കാർ ഉറപ്പാക്കേണ്ടതാണ്.**

  ***(ഖണ്ഡിക 3.1)***

- **വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് അവസരങ്ങളും പ്ലെയ്സ്മെന്റുകളും (പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക്) സംബന്ധിച്ച സർവകലാശാലയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്.**

  ***(ഖണ്ഡികകൾ 3.2-ഉം 3.3-ഉം)***